# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **2268**   **09.03.2018**-ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമം

**ചോദ്യം**

**ശ്രീ. അബ്ദുൽ ഹമീദ് പി :**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

**ശ്രീ. എ. കെ. ബാലൻ**

(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പിന്, പദ്ധതി/പദ്ധതിയേതര വിഹിതങ്ങൾ വർദ്ധിപ്പിച്ച് നൽകുകയും സമയ ബന്ധിതമായി എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകുകയും, 2017-18-ൽ നിലവിലുള്ള പദ്ധതികളിൽ കൂടുതൽ ജനവിഭാഗങ്ങൾക്ക് സഹായകരമാവുന്ന രീതിയിൽ പുതിയ ഘടകങ്ങൾ കൂട്ടിചേർക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലക്ഷ്യവിഭാഗങ്ങളുടെ സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യമാക്കി വിവിധ വായ്പാ പദ്ധതികളും സ്കോളർഷിപ്പുകളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചു.

അതോടൊപ്പം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നടപ്പാക്കി വരുന്ന വിവിധ വായ്പാ പദ്ധതികളുടെ നിലവിലെ വായ്പാ തുകയിൽ വർദ്ധനവ് വരുത്തുകയും വാഹന വായ്പ, സ്വസ്ഥഗൃഹ വായ്പ എന്നിവയുടെ പലിശ നിരക്കിൽ കുറവ് വരുത്തുകയും വിവാഹ വായ്പ, വിദേശ ജോലി വായ്പ, വിദ്യാശ്രീ, ബിസിനസ് ഡെവലപ്മെന്റ് വായ്പ, സുവർണ്ണശ്രീ തുടങ്ങിയ വായ്പാ പദ്ധതികളുടെ കുടുംബ വാർഷിക വരുമാന

പരിധിയിൽ ഭേദഗതി വരുത്തി, സ്വയം തൊഴിൽ വായ്പയ്ക്ക് വേണ്ടി അപേക്ഷിക്കുന്നതിന് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പിന്നോക്ക ക്ഷേമത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

(ബി) പിന്നാക്ക വിഭാഗ വികസന വകുപ്പിന് കീഴിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. നിലവിലുള്ള പദ്ധതികളിൽ പുതിയ ഘടകങ്ങൾ കൂട്ടിചേർത്തിട്ടുണ്ട്.

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിൽപ്പെട്ട ഡിഗ്രി പാസ്സായ 10 കുട്ടികൾക്ക് (ആർട്ട്സ് 60%, സയൻസ് 70%) സിവിൽ സർവ്വീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനുള്ള (കോഴ്സ് ഫീസിന്റെ 90% -വും ഹോസ്റ്റൽ ഫീസായി 4,000/- രൂപയും (ആവശ്യമുള്ളവർക്ക്) കോർപ്പറേഷൻ ഗ്രാന്റായി നൽകുന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം ആരംഭിക്കുന്നതിന് വേണ്ടി പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ പരമാവധി 2 ലക്ഷം രൂപ വരെ മൂലധന സബ്സിഡി ലഭ്യമാകുന്ന വായ്പാ പദ്ധതിയും നോർക്കാ റൂട്ട്സിന്റെ പ്രവാസി പുനരധിവാസ പദ്ധതി പ്രകാരം പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വേണ്ടി പരമാവധി 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും ലഭ്യമാകുന്ന റി-ടേൺ വായ്പാ പദ്ധതി, ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള ഭവനരഹിതർക്ക് വേണ്ടി 7.5 ശതമാനം മുതൽ 8 ശതമാനം വരെ പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപ വരെ ഭവന നിർമ്മാണ വായ്പയായി അനുവദിക്കുന്ന എന്റെ വീട് എന്ന വായ്പാ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ